പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1667 16.03.2015-ൽ മറുപടിക്ക്.

## വികേന്ദ്രീകൃതാസൂത്രണ ഏകോപന സമിതി അംഗീകാരം നൽകിയ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.കെ. ബാലൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | 2014-15-ൽ പഞ്ചായത്തുകളുടെ എത്ര പദ്ധതികൾക്കാണ് സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ ഏകോപന സമിതി അംഗീകാരം നൽകിയത്; എത്ര കോടി രൂപയുടേതാണ് ഈ വാർഷിക പദ്ധതി; വിശദമാക്കുമോ; | (എ) | 2014-15-ൽ പഞ്ചായത്തുകളുടെ പദ്ധതികൾക്ക് സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ ഏകോപന സമിതി അംഗീകാരം നൽകിയിട്ടില്ല. |
| (ബി) | ഇതിൽ എത്ര പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ചു; എത്ര കോടി രൂപയുടേതാണ് ഈ പദ്ധതികൾ; വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | 2014-15 ലെ വാർഷിക പദ്ധതിയിൽ എത്ര കോടി രൂപ വകമാറ്റാൻ അനുവാദം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം പദ്ധതികൾ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) | ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും 9 ലക്ഷം രൂപ തദ്ദേശസ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ലഭ്യമാക്കുന്നതിനായി ഉറവിടത്തിൽ കുറവു ചെയ്യാൻ അനുവാദം നൽകിയിട്ടുണ്ട്. |
| (ഡി) | പഞ്ചായത്തുകളുടെ പദ്ധതി തുക വിനിയോഗത്തിന് ഏർപ്പെടുത്തിയിട്ടുള്ള ട്രഷറി നിയന്ത്രണങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | ധനവിനിയോഗത്തിന് നിലവിലുള്ള പൊതുവായ നിയന്ത്രണങ്ങളല്ലാതെ പഞ്ചായത്തുകളുടെ പദ്ധതി തുക വിനിയോഗത്തിന് മാത്രമായി ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. |
| (ഇ) | ഈ നിയന്ത്രണം പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഇ) | ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ